# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5174 24.10.2011 - ൽ മറുപടിക്ക്

### നേമം നിയോജകമണ്ഡലത്തിലെ ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) നേമം നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിലവിലുള്ള ജല വിതരണ പദ്ധതികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(എ) നേമം നിയോജക മണ്ഡലത്തിൽ ഇപ്പോൾ നിലവിലുള്ള ജലവിതരണ പദ്ധതികൾ താഴെ പറയുന്നു.

1. പള്ളിച്ചൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

   ടി പദ്ധതിയിൽനിന്നും പള്ളിച്ചൽ, ബാലരാമപുരം, പഞ്ചായത്ത് പ്രദേശങ്ങളിൽ ഭാഗികമായി ജലവിതരണം നടത്തുന്നു.

2. മുക്കുന്നിമല ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

   ടി പദ്ധതിയിൽനിന്നും പള്ളിച്ചൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഭാഗികമായി ജലവിതരണം നടത്തുന്നു

3. തിരുവനന്തപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

   ടി പദ്ധതിയിൽനിന്നും കല്ലിയൂർ പഞ്ചായത്ത് പ്രദേശങ്ങളിൽ മുഴുവനായും, പള്ളിച്ചൽ വെങ്ങാനൂർ പ്രദേശത്ത് ഭാഗികമായും ജലവിതരണം നടത്തുന്നുണ്ട്.

കൂടാതെ തിരുവനന്തപുരം നഗരശുദ്ധജല വിതരണ പദ്ധതിയിൽ തിരുമല റിസർവോയറിൽ നിന്നുള്ള ജലം നേമം നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്യുന്നു. നേമം ആർ.ഡബ്ലിയു.എസ്സ്.എസ്സ് -ന്റെ കീഴിലുള്ള തൃക്കണ്ണാപുരം പമ്പ് ഹൗസിൽ നിന്ന്

എസ്റ്റേറ്റിലും ശാന്തിവിളയിലുള്ള ജലസംഭരണി കളിൽ ശേഖരിക്കുന്ന ജലം കാരയ്ക്കാമണ്ഡപം, മേലാംകോട്, നേമം, ശാന്തിവിള, വെള്ളായണി, പാപ്പനംകോട്, പൂഴിക്കുന്ന്, എസ്റ്റേറ്റ് തുടങ്ങിയ പ്രദേശങ്ങളിലും വിതരണം ചെയ്യുന്നു.

തിരുവനന്തപുരം നഗരസഭയുടെ സഹായത്തോടെ പാറമലയിൽ സ്ഥാപിച്ചിട്ടുള്ള ജല ശുദ്ധീകരണശാലയിൽ നിന്നും തൃക്കണ്ണാ-പുരം മുടവൻമുകൾ എന്നീ വാർഡുകളിൽ ജലവിതരണം നടത്തുന്നു.

കിള്ളിപ്പാലം പമ്പ്ഹൗസിൽ നിന്നും എം.ആർ ഹില്ലിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് പ്രസ്തുത പ്രദേശത്ത് ജലവിതരണം നടത്തുന്നു.

കല്ലിയൂർ, തിരുവല്ലം, മുട്ടയ്ക്കാട്, സ്കീമിൽ (കെ റ്റി എം സ്കീം) നിന്ന് ടി പ്രദേശ ങ്ങളിലേക്ക് ശുദ്ധജലവിതരണം നടത്തുന്നു.

റൂറൽ സപ്ലൈ തിരുവനന്തപുരം (ആർ എസ്സ് റ്റി സ്കീം) പാച്ചല്ലൂർ, തിരുവല്ലം പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നു.

| | |
|---|---|
| (ബി) മണ്ഡലത്തിൽ പുതുതായി ജലവിഭവ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) ജെ.ബി.ഐ.സി പദ്ധതിയിൽ നിർമ്മിക്കുന്ന നെല്ലിയോട്, തിരുമല ജലസംഭരണികളിൽ നിന്ന് നേമം, തിരുവല്ലം ഭാഗങ്ങളിൽ ജലവിതരണം നടത്തുന്നതിനുള്ള പൈപ്പ് ലൈനുകൾ ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ കീഴിൽ സ്ഥാപിച്ചുവരുന്നു. |

കൂടാതെ ജെ ബി ഐ സി പദ്ധതിയിലെ തിരുമല സോണിൽപ്പെട്ട പൂജപ്പുര, കരമന ഭാഗത്തെ പൈപ്പ് ലൈനുകൾ കൂട്ടി യോജിപ്പിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു.

എം.പി ഫണ്ടിൽ ഉൾപ്പെടുത്തി നേമം ആർ. ഡബ്ലിയു. എസ്സ്. എസ്സിൽ ഒരു പ്രഷർ ഫിൽറ്റർ സ്ഥാപിക്കുന്നതിന് 10,00,000/ രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ2